# നവം 2k 19



**ജി.എച്ച്.എസ്.എസ് കല്ലിങ്കൽപാടം**

# ഞങ്ങളുടെ വിദ്യാലയം




## ജി.എച്ച്.എസ്.എസ്.കല്ലിങ്കൽപാടം

# നവം 2K19

## എഡിറ്റോറിയൽ ബോർഡ്

രഹന
ലീന
ആദിത്ത് വി എസ്
അമൽ എസ്
ഷാനു
അനീഷ ബെന്നി
ദുർഗ്ഗ ഗംഗ
ആഷ്ന
ശ്വേത
ശ്രീഷ

ജി.എച്ച്.എസ്.എസ് കല്ലിങ്കൽപ്പാടം

# സമർപ്പണം

**ഒരുപാട് സ്വപ്നങ്ങൾ ബാക്കിയാക്കി**

**ഒരു മഴയ്ക്കൊപ്പം പോയ**

**അനഘയ്ക്കും ,അലീനയ്ക്കും.**

# ഞങ്ങളുടെ സാരഥികൾ



പി.ടി.എ പ്രസിഡൻറ്
ശ്രീ.ബിജു



പ്രിൻസിപ്പാൾ
ശ്രീമതി. ജയ



ഹെഡ്മിസ്ട്രസ്സ്
ശ്രീമതി. മിനി

## മുഖമൊഴി


1.ആമുഖം

2.ഫസ്റ്റ് എയ്ഡ് വരുത്തിയ വിന — ശിവപ്രസാദ്.ആർ

3.രണ്ട് കവിതകൾ — രതീഷ്

4.ഇതിഹാസമായിത്തീർന്ന മനുഷ്യൻ — വൈഷ്ണ

5.മരക്കഴുതകൾ — ഷനൂജ

6.മ്മ്ടെ കുഞ്ഞുണ്ണി മാഷ് — ജയപ്രകാശ്

7.ലംബോഗിനി നമുക്കിടയിൽ ജീവിച്ചിരുന്ന ഒരു മനുഷ്യൻ — അമൽ

8.എന്റെ നാട് — അനന്യ എസ്

9.ഓണം വന്നപ്പോൾ — ഗംഗ

10.കൊച്ചി ഒരനുഭവമാണ്,അത്ഭുതവും — അപർണ

11.കോട്ടുവാ — ശ്രീഷ

12.ചിരി,ചില ചിന്തകൾ — തോമസ്

13.രണ്ട് കണക്ക് കവിതകൾ — അനഘ കെ.യു

14.കേരളം കണ്ട പ്രളയം — ബിയ

15.കടലമ്മ കള്ളിയായത് — ആഷ്ന

16.മഴയത്ത് പോയപ്പോൾ — ദുർഗ്ഗ

17.തിരിച്ചറിവ് — ആദിത്ത്

18.ഞങ്ങളുടെ കലാലയം — അൻസത്ത്

19. തർജ്ജമ — പ്രിയ

20.പിൻമൊഴി

# ലിറ്റിൽ കൈറ്റ്സ് സീനിയേഴ്സ്




# ജി.എച്ച്.എസ്.എസ്.കല്ലിങ്കൽപാടം

# ലിറ്റിൽ കൈറ്റ്സ് ജൂനിയേഴ്സ്




## ജി.എച്ച്.എസ്.എസ്.കല്ലിക്കൽപാടം

## മുഖമൊഴി

*"അറിഞ്ഞതിൽ പാതി പറയാതെ പോയി*
*പറഞ്ഞതിൽ പാതി പതിരായും പോയി "*

**പതിനെട്ടുകവികൾ എന്ന തന്റെ പുസ്തകത്തി-
ന്റെ ആമുഖമായി മലയാളത്തിന്റെ പ്രിയകവി ബാലച-
ന്ദ്രൻ ചുള്ളിക്കാട് ആദ്യവരികളാണിത്. നവം 2K19
എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ അണിയി-
ച്ചൊരുക്കി നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുമ്പോൾ
ഞങ്ങൾക്കും പറയാനുള്ളത് ഇതാണ്.കല്ലും പതിരും
ഇതിൽ ധാരാളം കാണും.എന്നിരുന്നാലും,ഇതിന്റെ
പുറങ്ങളിൽ ചിതറിക്കിടക്കുന്ന സ്വപ്നങ്ങളും,നൊമ്പര-
ങ്ങളും കാണാതിരിക്കരുത്.നിങ്ങളിത് ഹൃദയത്തോടു
ചേർക്കുക.ചെറിയ പട്ടങ്ങൾക്ക് ആകാശത്തിന്റെ ഉയരങ്ങൾ
കീഴടക്കണമെങ്കിൽ ഇനിയും ഒരുപാട് ദൂരം
ബാക്കിയുണ്ടെന്ന തിരിച്ചറിവോടെ നിർത്തുന്നു.**

# ഫസ്റ്റ് എയ്ഡ് വരുത്തിയ വിന

ബയോളജി ക്ലാസ് വിദ്യാധരന് ഏറെ ഇഷ്ടമാണ്. കാരണം ഡോക്ട്ർ ആകണമെന്ന കലശലായ ആഗ്രഹം തന്നെയാണ് ബയോളജി ഇഷ്ടപെടാൻ കാരണമായതും.ബയോളജി ജീവിതഗന്ധിയായ വിഷയമാണെന്ന് വിദ്യാധരൻ ഏറെ മനസിലാക്കി. തൻെറ ജീവിതത്തിൽ ടീച്ചർ പകർന്നു നൽകിയ അറിവുകൾ എപ്പോഴെങ്കിലും ഗുണകരമാകുമെന്നും അതു തൻെറ ജീവിതത്തിൽ ഒരു ക്രെഡിറ്റായി മാറുമെന്നുള്ള ചിന്തയിലായിരുന്നു വിദ്യാധരൻ. പേരിൽ തന്നെ വിദ്യ ഉള്ളത് കൊണ്ടാവാം അറിവ് ആർജിക്കുന്നതിൽ ഏറെ തല്പരനായിരുന്നു ഒൻപതാം ക്ലാസുകാരനായ നമ്മുടെ വിദ്യാർത്ഥി.ഫസ്റ്റ് എയ്ഡിനെ കുറിച്ച് സുശീല ടീച്ചർ ഗംഭീരമായൊരു പ്രസംഗം തന്നെ ക്ലാസിൽ നടത്തി .കുട്ടികൾക്ക് ക്ലാസ് ഏറെ ബോധിച്ചു .

ദേ......നിങ്ങളുടെ ജീവിതത്തിൽ ഞാൻ പകർന്നുനൽ കിയഅറിവുകൾ ഏറെ ഗുണകരമാകുമെന്നതറിയുക.അപ്പോൾ നിങ്ങൾ ഈ ടീച്ചറെ ഓർത്താൽ മതി. അതാകട്ടെ എനിക്കുള്ള ഗുരുദക്ഷിണ.ഇനി അടുത്തതായി ഫസ്റ്റ് എയ്ഡ്.പാമ്പുകടിയേറ്റാൽ നമ്മൾ എന്തുചെയ്യണം? ശ്രദ്ധിക്കൂ.... ഒരാൾക്ക് പാമ്പുകടിയേറ്റാൽ പാമ്പുകടിയേറ്റ ഭാഗത്തിന് മുകളിലായി ഒരു തുണികൊണ്ടോ, കയർ കൊണ്ടോ കെട്ടുക.കഴിവതുംതുണി തന്നെ ഉപയോഗിക്കുക. എന്നിട്ടുവേണംരോഗിയെആശുപത്രിയിലെത്തിക്കാൻ. പറ്റുമെങ്കില്കടിച്ചപാമ്പിനെക്കൂടിപിടിച്ച് കൊണ്ടുപോയാൽ നന്ന്വിഷത്തിനുള്ളചികിത്സ എളുപ്പമാകാൻ അതിലൂടെ ഡോക്ടർമാർക്ക് കഴിയുംഅപ്പോഴാണ് ആ ക്ലാസിലെ സംശയ രോഗിയുടെ ചോദ്യം. കടിച്ച പാമ്പ് ആശുപത്രിയിലേക്ക് വിളിച്ചാൽ വരുമോ ടീച്ചർ ?

ക്ലാസിലാകെ ചിരിപടർന്നു.ജാള്യത മറയ്ക്കാൻ ടീച്ചറും വിട്ട്കൊടുത്തില്ല.തീർച്ചയായും വരും.

നീ നിൻെറ ഫോൺനമ്പർ കൊടുത്താൽ മതി.വിളിച്ചറിയിച്ച് പാമ്പുവരും .വീണ്ടും ക്ലാസിലാകെ ചിരി പടർന്നു .അപ്പോഴും വിദ്യാധരൻെറ മനസ്സിലെ ചിന്ത ഫസ്റ്റ് എയ്ഡ് ചെയ്യാനൊരവസരം എന്നു കിട്ടുമെന്നചിന്തയായിരുന്നു .അങ്ങനെയിരികെ ആ അവസരം വിദ്യാധരന് വീണുകിട്ടി.

ഇര തൻെറ അമ്മാവനും തൻെറ അമ്മാവനോടൊപ്പം നടന്ന് വരുന്നവഴിക്ക് അവന് ആ സുവർണ്ണാവസരം വീണുകിട്ടി.ഒരു മതിലിനോരം ചേർന്ന് അയാൾ നടന്നു വരുന്നവഴിക്ക് മതിലിനു മുകളിലിരുന്ന പാമ്പ്അമ്മാവൻെറ നെഞ്ചത്ത് കടിച്ചു.

നിലവിളിച്ചു നിൽക്കുന്ന അമ്മാവനു മുന്നിലേക്ക് ഒരുകയറുമായി രക്ഷകനായി വിദ്യാധരനെത്തി.ബയോളജി ടീച്ചർ പഠിപ്പിച്ച ഫസ്റ്റ് എയ്ഡ് പാഠം മനസ്സിലോർത്തു. ന്യൂട്ടൻെറ യുറേക്ക മനസ്സിലേക്കോടിയെത്തി. കടിയേറ്റ ഭാഗത്തിന് മുകളിലായി

ഭംഗിയായി കെട്ടി.തൻെറ കൃത്യനിർവ്വഹണത്തിലെകാര്യപ്രാപ്തി വിഷമേറ്റ അമ്മാവൻെറ കഴുത്തിൽ കെട്ടി നേരെ ആശുപത്രിയിലെത്തിച്ചു.തന്നെ ഡോക്ടർമാർ അഭിനന്ദിക്കുന്ന ചിന്തകൾ വിദ്യാധരൻെറ മനസ്സിൽ മഴവില്ലായി വിടർന്നു.ബയോളജി ടീച്ചർക്കു താൻ നൽ കുന്ന ഗുരുദക്ഷിണയും.ഒപ്പം സ്ക്കൂളിലെ ഹീറോആകുന്ന ചിന്ത അവൻെറ മനസ്സിലൂടെ ഓടിയെത്തി .ഐ.സി.യു വിൽനിന്ന് ഡോക്ടർമാർ പുറത്തെത്തി.'പാമ്പ് കടിയേറ്റ

രോഗിയെ കൊണ്ടു വന്നതാരാണ് ?'ഒരു യോദ്ധാവിനെപ്പോലെ വിദ്യാധരൻ 'ഞാനാണ് സാർ '.ഒരു ഗമയിൽ വിദ്യാധരൻ തട്ടിവിട്ടു. ഈ ഫസ്റ്റ് എയ്ഡ് ചെയ്തതാരാണ് ?. ഞാനാണ് സാർ !_

ഗമയ്ക്കൊരു കുറവുമില്ല ,മിടുക്കൻ !പക്ഷേ വിഷമേറ്റല്ല രോഗി മരിച്ചത് . കഴുത്തിൽ കയർ മുറുകി ശ്വാസം മുട്ടിയാണ് മരിച്ചത്. അതുകൊണ്ട് നിങ്ങൾ

ഇവിടെത്തന്നെ നിൽക്കണം .കൊലപാതക കേസാണ് ? പോലിസിപ്പോൾ എത്തും

സാർ.......ആപ്പിൾ തലയിൽ വീണപ്പോൾ യുറേക്ക എന്നുറക്കെപ്പറഞ്ഞ ഓടിയ മനുഷ്യനപ്പുറം ഗുരു ദക്ഷിണ തലയിൽ ഒരു ഇടിത്തീയായി വീണതിൽ നക്ഷത്ര മെണ്ണി

വിദ്യാധരൻ ആശുപത്രിവരാന്തയിൽതലകറങ്ങി വീണു.അറിവ് ഒരു അന്ധകാരമായിപടർന്ന്

**ശിവപ്രസാദ്**

# രണ്ടുകവിതകൾ

**രതീഷ് എം.ആർ.**

## 1. ചെരിപ്പ്

അവഗണനയ്ക്ക്
ഇരയാവുന്നവൻെറ
വേദന
നിന്നെ പോലെ
ആർക്കാണ്
തിരിച്ചറിയനാവുക.

പുറത്താകലുകളും
പുറന്തള്ളലുകളും
നിത്യവും
നീയനുഭവിക്കുന്നുണ്ട്.



ഒടുവിൽ,
ആർക്കും വേണ്ടാതെ
വർത്തമാനക്കാലത്തിൻെറ
യാതനയും പേറി
മഴയിലോ മഞ്ഞിലോ
വെയിലിലോ കിടക്കുമ്പോൾ
നീ വിചാരിക്കുന്നുണ്ടാവും
ഈ ലോകമെന്നും
ഇങ്ങനെയാണോയെന്ന്.

# 2.പൂജ്യം



രണ്ട്

ഒന്നിനോട് പറഞ്ഞു

ഞാനാണ് നിന്നിലും

വലിയവൻ

മൂന്ന് രണ്ടിനോടും

നാല് മൂന്നിനോടും

ഇതാവർത്തിച്ചു.

തർക്കം രണ്ടക്കത്തിൽ

എത്തുന്നതിനെന്നാൽ


ഒരു വിലയുമില്ലാത്തവനെ

ആവശ്യമായി വന്നു.

**അനുസ്മരണം**

# ഇതിഹാസമായിത്തീർന്ന മനുഷ്യൻ

വൈഷ്ണ.വി
X A


O. V. Vijayan

മലയാളികളെഅതിശയിപ്പിച്ചഎഴുത്തുകാരനായിരുന്ന ഒ.വി.വിജയൻ [1930-2005].അതുവരെയും മലയാളികൾക്ക് പരിചയമില്ലാതിരുന്ന വിഷാദസാന്ദ്രമായ ഭാഷാ ശൈലിക്കൊണ്ടും ദാർശനിക വ്യഥ കലർന്ന ഭാവനക്കൊണ്ടും സ്വയമൊരു ഇതിഹാസമായി തീർന്ന മനുഷ്യൻ.മനുഷ്യൻെറ അവസാനിക്കാത്ത വേദനകളെ കുറിച്ചായിരുന്ന വിജയന് എന്നും പറയാനുണ്ടായിരുന്നത്.ഒരു ദേശത്തിൻെറ മിത്തും,പുരാവൃത്തവും ചരിത്രവുമൊക്കെ അദ്ദേഹത്തിൻെറ രചനകളിൽ ഇഴചേർന്നും കിടന്നിരുന്നു.കൂമൻക്കാവും,കരിമ്പനകളും പ്രവാചകന്റെ വഴികളും,വെള്ളായിയപ്പന്റെ ദു:ഖവുമൊക്കെ ഒരു കൈവെള്ളയിലെന്ന പോലെ നമുക്ക് പരിചിതമാക്കി തന്ന ആ വലിയ എഴുത്തുകാരൻെറ ഓമ്മകൾക്കു മുമ്പിൽ ഒരായിരം പ്രണാമം.

# മരക്കഴുതകൾ

ഏതോ ദേശത്ത് ഏതോ കാലത്ത് നടന്ന കഥയാണെന്ന് തോന്നുന്നു. ഒരു കൃഷിക്കാരന് രണ്ടു കഴുതകളും രണ്ടു കാളകളും ഉണ്ടായിരുന്നു.കാളകൾ എല്ലുമുറിയെ പണിയെടുക്കും.കഴുതകളോ മഹാമടിയൻമാരും ശല്യക്കാരുമായിരുന്നു.

അതുകൊണ്ട് തന്നെ കൃഷിക്കാരൻ അവരെ മരക്കഴുതകൾ എന്ന് വിളിച്ച് കളിയാക്കുന്നത് പതിവായിരുന്നു.

ഒരു ദിവസം കഴുതകൾ കൃഷിക്കാരനെ കണ്ട് സങ്കടം പറഞ്ഞു.അങ്ങയ്ക്ക് കാളകളെയാണ് കൂടുതൽ ഇഷ്ടം.ഞങ്ങളെ എപ്പോഴും കളിയാക്കും.അതെന്താ അങ്ങനെ?




കൃഷിക്കാരൻ മിണ്ടാതെ ഒരു നീണ്ട കയർ കൊണ്ടുവന്നു.അതിൻെറ ഓരോ അറ്റവും ഓരോ കഴുതയുടെ കഴുത്തിൽ കെട്ടി.എന്നിട്ട് രണ്ട് ദിക്കിലേക്ക് തിരിച്ചുനിർത്തി.

അതുകഴിഞ്ഞ് രണ്ടിൻെറയും മുന്നിൽ,കുറച്ചകലെയായി വൈക്കോൽ തിന്നാനിട്ടു കൊടുത്തു.അതോടെ കഴുതകൾ രണ്ടും രണ്ട് വശത്തേക്ക് പിടിവലി തുടങ്ങി.രണ്ട് പേർക്കും ഒരേ ആഗ്രഹമായിരുന്നു  വൈക്കോൽ തിന്നണം.എന്നാൽ കുറേ നേരം വഴക്കടിച്ചിട്ടും രണ്ടുപേരും വൈക്കോലിൻെറ അടുത്ത് പോലും എത്തിയില്ല.ഒടുവിൽ വലിച്ചുവലിച്ച് കഴുതകൾ തളർന്നുവീണു.കൃഷിക്കാരൻ ഉടനെ മറ്റൊരു കയറെടുത്ത് കാളകളുടെ കഴുത്തിൽ കെട്ടി.പഴയതുപോലെ വൈക്കോൽ ഇട്ടുകൊടുത്തു.അപ്പോൾ കാളകൾ തമ്മിൽ തമ്മിൽ എന്തോ പറഞ്ഞു.അതിനുശേഷം രണ്ടുപേരും കൂടി  ആദ്യം ഒരിടത്തെ വൈക്കോൽ തിന്നു.അതുകഴിഞ്ഞ് രണ്ടാമത്തെ കെട്ട്.

കഴുതകളെല്ലാം കാണുന്നുണ്ടായിരുന്നു. ഈ സൂത്രം എന്താ നമുക്ക് തോന്നാത്തത്?അപ്പോൾ കൃഷിക്കാരൻ പറഞ്ഞു.ഇതു തന്നെയാണ് നിങ്ങൾ തമ്മിലുള്ള വ്യത്യാസം. എന്തു കാര്യം ചെയ്യുമ്പോഴും അത് വഴക്കടിക്കാതെ ഭംഗിയായി ചെയ്യാൻ അവർക്കറിയാം.


അത് കേട്ട് കഴുതകൾ നാണിച്ച് തല കുനിച്ചു.

ഷനൂജ    10 A

കവിത

# മ്മ്ടെ കുഞ്ഞുണ്ണി മാഷ്

ജയപ്രകാശ്



കുഞ്ഞനാം കുഞ്ഞുണിമാഷാണേ

കുട്ട്യോൾക്കെന്നും കൂട്ടാണെ

കുഞ്ഞികഥകൾ പറഞ്ഞുതന്നു

കുഞ്ഞി കവിതകൾ ചൊലിതന്നു .

വാക്കുകൾ എപ്പോഴും കുഞ്ഞാണെ

അതിനർത്ഥങ്ങൾ ഒത്തിരി വലുതാണ്

കുഞ്ഞികാര്യങ്ങൾ ചൊല്ലിയപ്പോൾ

കുഞ്ഞി മനസ്സിൽ പതിഞ്ഞിരുന്നേ .

കുഞ്ഞനാം കുഞ്ഞുണ്ണിമാഷാണെ

കുട്ട്യോൾക്കെന്നും കൂട്ടാണെ

കുഞ്ഞുണ്ണിമാഷിന്റെ കവിതകേൾക്കാൻ

കുട്ട്യോളെയിന്നും കൊതിയാണ് ...

# ലംബോഗിനി നമുക്കിടയിൽ ജീവിച്ചിരുന്ന ഒരു മനുഷ്യൻ

## അമൽ .എസ്

**"മറ്റുള്ളവർ പരിഹസിക്കുന്നുവെന്ന് കരുതി സ്വന്തം ലക്ഷ്യത്തെ കൈവെടിയാതിരിക്കുക"**
**- ലംബോഗിനി**

ആദ്യം കേൾക്കുമ്പോൾ ആർക്കും അവിശ്വസനിയമായി തോന്നാവുന്ന കഥയാണ് ഫെറുസ്സിയാ ലംബോഗിനിയുടെത് .ഒരു പരിഹാസത്താൽ, വാശിയാൽ ജീവിതത്തിൽ വലിയ ഉയരങ്ങൾ കീഴടക്കിയ ലംബോഗിനിയെ ഒരത്ഭുത മനുഷ്യൻ എന്ന് വിശേഷിപ്പിക്കുന്ന അതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.ലംബോഗിനി എന്ന മനുഷ്യൻെറ വാശി ആരോടായിരുന്നുവെന്നറിയുമ്പോൾ നാം ശരിക്കും അമ്പരന്നുപോകും.അത് തൻെറ കൂട്ടുകാരോടോ സമന്മാരോടോ ആയിരുന്നില്ല. ലോകത്തിലെ തന്നെ ഏറ്റവും വലിയ കാർ നിർമ്മാതാക്കാളായിരുന്ന ഫെരാരിയോടായിരുന്നു.അവരുടെ എതിർപ്പുകളെയും അവഗണനകളെ യും അതിജീവിച്ച് ലംബോഗിനി പിന്നീട് അവരിലും മികച്ച കാറുകൾ നിർമ്മിച്ചുവെന്നത് ചരിത്രമാണ്.ഒരു അവഗണനകൊണ്ട് ഉദ്യമത്തിൽ നിന്ന് പിൻമാറുന്നവർ തീർച്ചയായും ലംബോഗിനി കഥ പാഠമാക്കണം



## യാതനകൾ നിറഞ്ഞബാല്യം

യാതനകൾ നിറഞ്ഞതായിരുന്നു ലംബോഗിനിയുടെ ബാല്യം.1916 ഏപ്രിൽ 28 ന് ഇറ്റലിയിലെ **റിൻ സോ** എന്ന ഗ്രാമത്തിൽ ഒരു മുന്തിരിത്തോട്ടത്തിലെ കർഷക തൊഴിലാളിയുടെ മകനായിട്ടായിരുന്നു



ലംബോഗിനി പിറന്നത്.പട്ടിണി അനുഭവിച്ചായിരുന്നു ആ ബാലൻ വളർന്നുവന്നത്.അന്നന്നത്തെ അന്നത്തിനായി വയലിൽ വിയർത്ത് പണിയെടുക്കുന്ന അച്ഛനെ സഹായിക്കാൻ ലംബോഗിനിക്ക് യാതൊരു മടിയുമുണ്ടായിരുന്നില്ല.മുന്തിരിപാടത്ത് പണിക്ക് കൊണ്ടുവരുന്ന ട്രാക്ടറുകൾ കേടാവുന്നത് നന്നാക്കുന്നത് ലംബോഗിനി നോക്കിയിരിക്കുന്നത് അച്ഛൻ ശ്രദ്ധിക്കുമായിരുന്നു.ഒരിക്കൽ കേടായ ട്രാക്ടർ ലംബോഗിനി നന്നാക്കിയപ്പോൾ തൻെറ മകൻെറ അഭിരുചി എന്തിലാണെന്ന് തിരിച്ചറിഞ്ഞ പിതാവ് അവനെ അത് തന്നെ പഠിപ്പിക്കാൻ തീരുമാനിച്ചു.പിൽക്കാലത്ത് പുതിയൊരു ചരിത്രത്തിൻെറ പിറവിക്ക് കാരണമായ തീരുമാനമായിരുന്നു ആ പിതാവ് അന്നെടുത്തത്.

## രണ്ടാം ലോകമഹായുദ്ധകാലത്തെ ജീവിതം

രണ്ടാം ലോകമഹായുദ്ധക്കാലത്ത് മറ്റു ചെറുപ്പക്കാരെ പോലെ ലംബോഗിനിയും നിർബന്ധിത സൈനിക സേവനത്തിന് തെരഞ്ഞെടുക്കപ്പെട്ടു.വളരെയധികം യാതനകൾ നിറഞ്ഞതായിരുന്ന അക്കാലത്തെ അദ്ധേഹത്തിൻെറ ജീവിതമെന്കിലും യുദ്ധ വാഹനങ്ങളുടെയും മറ്റും യന്ത്രങ്ങളെ പറ്റി കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ ആ നാളുകൾ അദ്ധേഹത്തെ സഹായിച്ചു.

# യുദ്ധാനന്തര ജീവിതവും ഭാര്യയുടെ മരണം സൃഷ്ടിച്ച ശൂന്യതയും

യുദ്ധാനന്തരം തൻെറ നാട്ടിൽ തിരിച്ചെത്തിയ ലംബോഗിനി വിവാഹിതനാവുകയും ട്രാക്ടറുകൾ നന്നാക്കുന്ന ജോലിയിൽ ഏർപ്പെടുകയും ചെയ്തു.
ജീവിതം മുന്നോട്ട് പോകുന്ന സമയത്ത് ഭാര്യ സെലീന മോണ്ടിയുടെ മരണത്തിൻെറ രൂപത്തിൽ ദുരന്തം അദ്ധേഹത്തെ തേടി എത്തി.ഭാര്യയുടെ മരണം സൃഷ്ടിച്ച ശൂന്യതയുമായി പൊരുത്തപ്പെടാൻ അദ്ധേഹത്തിന് ഏറെ നാളുകൾ വേണ്ടിവന്നു.പക്ഷേ ചരിത്രം രചിക്കാൻ പിറന്നവർ ഏത് മഹാദുരിതത്തെയും അതിജീവിക്കും.ലംബോഗിനിയുടെ ജീവിതത്തിലും അതു തന്നെ സംഭവിച്ചു.

# തിരിച്ചുവരവ്

വിഷാദം നിറഞ്ഞ ആ നാളുകളിൽ ലംബോഗിനിയുടെ മനസ്സിൽ ഒരു ചോദ്യമുയർന്നു.തനിക്കെന്തുകൊണ്ട് ഒരു ട്രാക്ടർ കമ്പനി തുടങ്ങിക്കൂടാ?അധികം താമസിയാതെ ലംബോഗിനി ട്രാക്ടർ കമ്പനി ആരംഭിച്ചു.ട്രാക്ടർ നിർമ്മാണത്തിന് ലംബോഗിനി ഉപയോഗിച്ചത് യുദ്ധാന്തരം ഉപേക്ഷിക്കപ്പെട്ട വാഹനങ്ങളുടെ യന്ത്രഭാഗങ്ങളായിരുന്നു.ഏറ്റവും മികച്ചതും വിലകുറവുള്ളതുമായ ട്രാക്ടറുകൾ വിപണി കീഴടക്കുമ്പോൾ പിതാവിൻെറ ആത്മാവ്ഏതോ ലോകത്തിരുന്ന് ആ മകനെ ഓർത്ത് അഭിമാനിക്കുന്നുണ്ടാവണം.

# ഒരു സ്വപ്നത്തിന് പിന്നാലെ പോകുന്നു

എക്കാലത്തും വാഹനങ്ങളെ പ്രണയിച്ചിരുന്ന ലംബോഗിനിക്ക് ഒരു സ്വപ്നമുണ്ടായിരുന്നു.അക്കാലത്ത് മികവ് പുലർത്തിയിരുന്ന ഒരു ഫെരാരി കാർ സ്വന്തമാക്കുക.അധികം വൈകാതെ ലംബോഗിനി ആ സ്വപ്നം സാധിച്ചെടുത്തു.എന്നാൽ ഒട്ടും വൈകാതെ തന്നെ ഫെരാരി കാറിൻെറ ഒരു കുഴപ്പവും കണ്ടെത്തി.ഇടയ്ക്കിടയ്ക്ക് അതിൻെറ ക്ലച്ച് തകരാറിലാവുന്നുണ്ട്.ഫെരാരി കാറിൻെറ ഉടമയോട് ലംബോഗിനി ഇത് പറഞ്ഞു.ഈ തകരാറ് പരിഹരിച്ചാൽ നിങ്ങളുടെ കാർ ലോകത്തിലെ ഏറ്റവും മികച്ചതാകുമെന്നും ലംബോഗിനി പറഞ്ഞു.എന്നാൽ ഫെരാരി കാർ കമ്പനിയുടെ ഉടമ ലംബോഗിനിയെ പരിഹസിക്കുകയാണ് ചെയ്തത്.ഇറ്റലിയിലെ ഒരു കുഗ്രാമത്തിലെ വെറുമൊരു ട്രാക്ടർ മെക്കാനിക്കായ താനാണോ ഞങ്ങളെ തിരുത്താനും ഉപദേശിക്കാനും വന്നിരിക്കുന്നത്.ഈ പരിഹാസവാക്കുകൾ കേട്ട് ഹൃദയം നുറുങ്ങുന്ന വേദനയോടെ പോരുമ്പോൾ ലംബോഗിനി ഒരു തീരുമാനം എടുത്തുകഴിഞ്ഞിരുന്നു.താനിന്നു മുതൽ പരിശ്രമം തുടങ്ങുന്നു.ലോകത്തിലെ ഏറ്റവും മികച്ച കാറുകൾ നിർമ്മിക്കുന്ന കമ്പനി തുടങ്ങാൻ.താൻ അനുഭവിച്ച അവഗണനയ്ക്ക് മറുപടി നൽകാൻ.

# പുതിയൊരു ചരിത്രം പിറക്കുന്നു

തൻെറ പുതിയ സ്വപ്നം സഫലീക്കരിക്കാൻ അന്ന് മുതൽ ലംബോഗിനി തീവ്രപരിശ്രമം തുടങ്ങി.അതിനായി അതുവരെയുള്ള തൻെറ സമ്പാദ്യം മുഴവൻ ലംബോഗിനി വിറ്റ് ഒടുവിൽ ആസ്വപ്ന ദൗത്യം അയാൾ സാധിച്ചെടുത്തു.അയാളൊരു കാർ നിർമ്മിച്ച കരുത്തിലും അഴകിലും ആഡംബരത്തിലും അതുവരെ ലോകം കണ്ടതിൽവച്ച് ഏറ്റവും മികച്ച കാർ.ഒരു കാളക്കുറ്റൻെറ കരുത്തോടെ വരുന്ന ആ വാഹനം സ്വന്തമാക്കാൻ ലോകത്തെ സമ്പന്നരായവർ പലരും ആഗ്രഹിച്ചു.ഫെരാരിയെ ലംബോഗിനി അതിവേഗം പിന്തള്ളി ലോകത്തിലെ തന്നെ സമ്പന്നരിൽ ഒരാളായിക്കുമ്പോഴും ലംബോഗിനി തൻെറ നാട്ടിൽ വന്ന് ഫെരാരി പരിഹസിച്ച കുഗ്രാമത്തിൽ വന്ന് ഒരു കർഷകനായും ജീവിച്ച് കാണിച്ച് കൊടുത്തു.ഒരു പരാജയം കൊണ്ടോ പരിഹാസം കൊണ്ടോ തൻെറ തീരുമാനങ്ങളിൽനിന്ന് പിന്തിരിയുന്നവർക്ക് പ്രചോദനമാണ് ഇന്ന് ലംബോഗിനിയുടെ ജീവിതകഥ.



കവിത

# എന്റെ നാട്

അനന്യ.എസ്(VI.A)

എന്തൊരു
രസമാണീ നാട്
പച്ചവിരിച്ചൊരു വയലുകള്
കാറ്റത്തുലയും
കരിമ്പനകൾ
ചൂളമടിക്കും
ചുരവും പിന്നെ
പൂരം കയറും
കാവുകളും
പൂങ്കുഴലൂതും
പുലരികളും
പുതുചന്തം
ചാർത്തും സന്ധ്യകളും
കങ്കണമണിയും
നിളയും ചേലിൽ
കരിമഷിയെഴുതും രാവുകളും
കാവൽ നിൽക്കും കാടുകളും
കനകം പൂക്കും മേടുകളും
ഹാ,
എന്തൊരു
രസമാണീ നാട്



കവിത

# ഓണം വന്നപ്പോൾ

ഓണമായോണമായ് നാട്ടിലെങ്ങും

പൊന്നോണമായോണമായ് നാട്ടിലെങ്ങും

പുത്തൻക്കോടിയണിഞ്ഞു കൊണ്ടേ

കുമ്മിയടിക്കുന്നു പെൺ കൊടിമാർ,

അപ്പുറോം മിപ്പുറോം ആൾനിന്ന്

ഓണ വടംവലി മത്സരമായ്

അയ്യയ്യാ പുഴയായ പുഴയിലെങ്ങും

വള്ളം കളിയുടെ ഉത്സവമായ്

ചേലെഴും തിരുവോണക്കോടി

വാങ്ങാൻ ചന്തക്കടകളിലെന്തുമേളം

നാടാകെപ്പൊന്നോണ പുഷ്പമേളം



ദുർഗ ഗംഗ

IX A

# കൊച്ചി ഒരനുഭവും,അത്ഭുതവും

അപർണ്ണ എസ്
9B



കൊച്ചിയെ അറബിക്കടലിന്റെ റാണിയെന്ന് വിശേഷിപ്പിച്ചത് ആരാണ് ?ഓർക്കുന്നില്ല .പക്ഷെ അത് ആരായാലും ഒരു തരത്തലുള്ള വിശേഷണങ്ങൾക്കും പൂർണമായും വഴങ്ങിതരുന്ന ഒരിടമല്ല കൊച്ചി. എവിടെയോ വായിച്ചതുപോലെ കൊച്ചി ഒരു പട്ടണമല്ല ഒരു വികാരമാണ്.

പലർക്കും അഭയം കൊടുത്തമണ്ണ്, പലരെയും ആകർഷിച്ച മണ്ണ്, പല
അതിശയങ്ങളും ഹൃദയത്തിൽ ഒളിപ്പിച്ച മണ്ണ്, പലതരത്തിലുള്ള ജീവിതങ്ങളും വിശ്വാസങ്ങളും മുറുകെ പിടിക്കുന്ന മണ്ണ്. അങ്ങനെ പലർക്കും പലതാണ് കൊച്ചി. കൊച്ചി കാണണമെന്ന് ഞാൻ ഒരുപാട്
ആഗ്രഹിച്ചിരുന്നു. 2017 നവംബർ മാസത്തിൽ സ്ക്രൂളിലെ പഠനയാത്രയുടെ
രൂപത്തിൽ അതിനൊരു അവസരം ഒത്തുവരികയും ചെയ്തു.
ഞാനന്ന് ഏഴാം ക്ലാസിൽ പഠിക്കുകയായിരുന്നു
അന്ന് ഏഴുമണിക്കുതന്നെ ഞാൻ സ്ക്രൂളിലെത്തി . എനിക്കൊപ്പം കൊച്ചി കാണാൻ എന്റെ പ്രിയ കൂട്ടുകാരികളായ അനഘയും ആദിത്യയും തപസ്യയും ഉണ്ടായിരുന്നത് എന്നെ ഒരുപാട് സന്തോഷിപ്പിച്ചു. അരമണിക്കൂറിന് ശേഷം അധ്യാപകരുടെ നിർദ്ദേശമനുസരിച്ച് *‘ഒരടിപൊളി’ വണ്ടിയിലേക്ക് ഞങ്ങൾ കയറി. മിനിറ്റുകൾക്ക്* ശേഷം വണ്ടി പതിയെ നീങ്ങി തുടങ്ങി. വണ്ടിയിലെ

അടിപൊളി ഗാനങ്ങൾക്കൊപ്പം ഞങ്ങൾ ഡാൻസ് ചെയ്യ്തു തുടങ്ങി.
കുതിരാനിലെ ചെറിയ ട്രാഫിക് കുരുക്കും,പൂര നഗരവും , മണിയുടെ
ചാലക്കുടിയും, അങ്കമാലിയും,ആലുവയുമൊക്ക പിന്നിട്ട് ഞങ്ങൾ കൊച്ചിയിലെത്തി .
എനിക്ക് അതിശയം തോന്നി ,ആനന്ദവും. എത്രയെത്ര ചരിത്രപുരുഷന്മാർ
വന്നുപോയ ദേശത്താണ് ഞാനെത്തിയിരിക്കുന്നത്. മാർക്ക് ട്വ്യായിനൊക്കെ ഇവിടെ വന്നത് ഒരു സ്വപ്നം പോലെ തോന്നി . വർഷങ്ങൾക്ക് മുമ്പ് ഒരു ക്രിസ്മസ് സന്ധ്യക്ക് ഗാമ മരിച്ചത് ഇവിടെ
വച്ചായിരുന്നുവെന്നതും കേരളത്തിലെ ആദ്യ ആശുപത്രി പോർച്ചുഗീസുകാർ സ്ഥാപിച്ചത് ഇവിടെയായിരുവെന്നതും ഞാനോർത്തെടുത്തു. എത്രയോ ചരിത്രസംഭവങ്ങൾക്ക് വേദിയായ എത്രയോ വേഷങ്ങൾ കെട്ടിയാടിയ മഹാനഗരമേ നിന്നെ തേടി ഞാനും വന്നിരിക്കുന്നു.
ഞങ്ങളാദ്യം പോയത് മറൈൻഡ്രൈവിലേക്കാണ്. കൊച്ചികായലിനോട്
ചേർന്ന്കിടക്കുന്ന മരങ്ങളും ചെറുതും വലുതുമായ കെട്ടിടങ്ങളും നിറഞ്ഞ
സ്ഥലം .കായലിൽ സഞ്ചാരികളെ കൊണ്ടുപോവുകയും വരികയും ചെയുന്ന പലതരത്തിലുള്ള ബോട്ടുകൾ . അന്നത്തിനായി പോകുന്നവരുടെ ചെറുവള്ളങ്ങൾ .കരയിൽ പലയിടങ്ങളിലായി വർത്തമാനം പറഞ്ഞിരിക്കുന്നവർ.പല ഉൽപ്പന്നങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയുന്നവർ. തീർച്ചയായും ഞാനൊരു മായാലോകത്താണെന്ന് തോന്നി.
കൊച്ചി മെട്രോ കാണാനും അതിൽ കയറാനുമാണ് പിന്നെ ഞങ്ങൾ പോയത്. കൊച്ചി മെട്രോയിൽ കയറി ആലുവയിൽ ചെന്നിറങ്ങിയത്
എൻെറ ജിവിതത്തിലെ മറക്കാത്ത അനുഭവമാണ്.
അത് ഭൂതലോകതെത്തിയ ആലീസിന്റെ അവസ്ഥയായിരുന്നു എനിക്ക്. എന്റെ കൂട്ടുക്കാരുടെ അവസ്ഥയും അത് പോലെ തന്നെയായിരുന്നു.

സന്ധ്യക്ക് സ്ക്കൂളിലെത്തി.അച്ഛന്റെ ഒപ്പം വീട്ടിലേക്ക് പോകുമ്പോൾ ചെറിയൊരു ചിരിയോടെ ഞാനോർത്തു. കൊച്ചി നീ എനിക്കെന്തായിരുന്നു?

# കോട്ടുവാ

കോട്ടുവായിട്ടതാണ് കാര്യം
കേട്ടവർ ഓടിയെത്തി
വാതുറന്നിരിക്കുന്ന വാവച്ചനെ
കണ്ടവർ വായിക്കരിയുമായെത്തി



വായ്ക്കരിവായിൽത്തിരുകി
അഭിലാഷം തീർത്ത് വേണ്ടപ്പെട്ടോർ
വായടയ്ക്കാൻ കഴിയാതെ
'വാ'യും തുറന്ന് കിടപ്പായി
എന്നേക്കുമായി അടയ്ക്കാത്ത
വായുമായി വാവച്ചൻ

**-ശ്രീഷ**

൭ A

# ചിരി; ചില ചിന്തകൾ

തോമസ് ആന്റണി 8A

“ഒരുപാട് ചിരിക്കുന്നവരെ ഇഷ്ടപ്പെടുക.കാരണം അവർ ഉള്ളിൽ കരയുകയാവാം"

-ചാർളി ചാപ്ലിൻ

സ്വയം കരഞ്ഞുകൊണ്ട് ലോകത്തെ ചിരിപ്പിച്ച ഒരു വലിയ മനുഷ്യന്റെ വാക്കുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.മരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും നാമിന്നും അദ്ദേഹത്തെ ഓർക്കുന്നത് അദ്ദേഹം സൃഷ്ടിച്ച ചിരി കൊണ്ടാണ്.ലോകത്തിന് മുഴുവൻ സന്തോഷം പകരാനുള്ള, മഹാദു:ഖങ്ങളെ വിസ്മരിക്കാനുള്ള ഏക വരുമാനമാണ് ചിരി.പല രോഗങ്ങൾക്കും ശമനം വരുത്തുവാനുള്ള ചിരിയുടെ കഴിവിനെയിന്ന് ശാസ്ത്രലോകം തിരിച്ചറിഞ്ഞിരിക്കുന്നു.

ചിരി ഒരു വിസ്മയമാണ്.ദൈവം തന്റെ സൃഷ്ടികളിൽ വച്ച് മനുഷ്യന് മാത്രം കൊടുത്ത അപൂർവ്വ സിദ്ധി. ഇന്ന് ലോകത്തുണ്ടാവുന്ന പല വിപത്തുകൾക്കും കാരണം കോപമാണ്.

“ക്രോധം മൂലം മനസ്താപമുണ്ടായ് വരും.”എന്ന് എഴുത്തച്ഛൻ പറഞ്ഞത് എത്ര ശരി.എന്നാൽ ചിരിയാകട്ടെ ഇത്തരം വിപത്തുകളിൽ നിന്ന് നമ്മെ മോചിപ്പിക്കുന്നു.വാളുകൊണ്ട് നമ്മെ വധിക്കാൻ വരുന്നവരെ പോലും ചിരി കൊണ്ട് നമുക്ക് നേരിടാമെന്ന് സാരം.

മനുഷ്യർക്കിടയിൽ ചിരിക്കാത്തവരായി ആരെങ്കിലും കാണുമോ?നമ്മെ ചിരിപ്പിച്ച,ചിന്തിപ്പിച്ച ചാർളി ചാപ്ലിന്റെ ഒരു വാചകം കൂടിയിവിടെ ഓർക്കാം.


ചിരിയില്ലാത്ത ഒരു ദിനമുണ്ടെങ്കിൽ അതൊരു പാഴ്ദിനമാണ്.ചിരിക്കാതെ നാം നമ്മുടെ ദിനങ്ങളെ പാഴാക്കി കളയരു-

ത് എന്നൊരു സന്ദേശം കൂടി ഈ വാചകങ്ങളിലുണ്ട്.രണ്ടാളുകൾ തമ്മില്വ
ള്ള അകലം കുറയ്ക്കാൻ മുൻപ് സൂചിപ്പിച്ച പോലെ ശത്രുവിനെ പോലും മി-
ത്രമാക്കാൻ ചിരിക്ക് സാധിക്കും.തീർച്ചയായും ചിരി നമുക്ക് വാഗ്ദാനം ചെയ്യുന്നത്
സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ലോകമാണ്.കല-
ഹങ്ങൾ തുടർക്കഥയാകുന്ന ഇക്കാലത്ത് അതിനെ പ്രതിരോധിക്കുന്നതി-
ൽ ചിരിക്ക് വലിയ പ്രാധാന്യമുണ്ടെന്ന് നാം തിരിച്ചറിയുക.

# രണ്ടു കണക്കു കവിതകൾ

## സമചതുരം

**<u>അനഘ 9 B</u>**




**ഒരു**

**സമചതുരത്തിൻെറ**

**ഓരോ വശവും**

**സമമാണത്രേ**


**ഓ....**

**ചതുരത്തിലെങ്കിലും**

**സമത്വമുണ്ടല്ലോ**

## വൃത്തം

വൃത്തത്തിൻെറ
വ്യാസവും
ആരവും
ഒന്നും
അറിയില്ലെങ്കിലും
പരീക്ഷയ്ക്ക് അവൾക്കാ മാർക്ക് കിട്ടി



# കേരളം കണ്ട പ്രളയം

**ബിയ 8 A**

2018-ലെ പ്രളയം കേരളത്തിനെ വെള്ളത്താൽ മൂടി. കേരളം വളരെ പേടിയോടെയാണ് പ്രളയത്തെ കണ്ടത്.
മതത്തിൻെറയും വർഗീയതയുടെയും വേര് പിഴിതെടുത്തു കൊണ്ടായിരുന്നു പ്രളയം വന്നത് . അന്യസംസ്ഥാനക്കാർ പോലും കേരളത്തെ സഹായിച്ചു.ഉരുൾപൊട്ടൽ ,മണ്ണിടിച്ചിൽ ,കൊടുംകാറ്റ്, മഹാമഴ ഇതെല്ലാംകൂടിയായിരുന്നു പ്രളയം. പക്ഷെ കേരളം പ്രളയമെന്നല്ല എന്ത് വന്നാലും അതിനെ അതിജ്ജീവിക്കും . ഇതിനിടയിൽ നാം



മാധ്യമങ്ങളിലൂടെയും മറ്റ് സോഷ്യൽമീഡിയകളിലൂടെയും നാം വളരെ മനോഹരമായ കാഴ്ചകൾ കണ്ടു. ഗർഭിണിയായ ഒരു സ്ത്രീയെ ഹെലികോപ്റ്ററിൽ രക്ഷിക്കുന്നു. നേവി ഉദ്യോഗസ്ഥൻ വഞ്ചിയിൽ കേറാനായി കഷ്ടപ്പെടുന്ന ആൾക്കാരെ കുനിഞ്ഞ് നിന്നു അവരെ തൻെറ പുറത്ത് കൂടി വഞ്ചിയിൽ കയറ്റുന്നു.ജാതിയും മതവും നോക്കാതെ എല്ലാവരെയും കൈകോർത്ത് പിടിച്ച് വെള്ളത്തിൽ നിന്നു കയറ്റുന്നു. ഒഴുക്കിൽപ്പെട്ട പട്ടിയെ രക്ഷിക്കുന്നു. ഒറ്റപ്പെട്ട് വെള്ളം നിറഞ്ഞ സ്ഥലത്ത് നിന്നു നേവി ഉദ്യോഗസ്ഥർ ഒരു പട്ടിയെ അവരോടൊപ്പം കൂട്ടിക്കൊണ്ട് പോകുന്നു. ഇങ്ങനെ പല സുന്ദരമായ കാഴ്ചകൾ നാം കണ്ടു.കടലിൻെറ മക്കളായ മത്സ്യതൊഴിലാളികളും കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ കരളുറപ്പോടെ മുന്നോട്ട് വന്നു.പ്രളയബാധിത സ്ഥലങ്ങളിലെ ആൾക്കാരെ ജാതിയും മതവും നോക്കാതെ പള്ളിയിലും അമ്പലങ്ങളിലും സ്ക്കുളുകളിലും പാർപ്പിച്ചു . സ്വന്തം കുടുംബമാണോ അല്ലയോ എന്ന് നോക്കാതെ വീടുകളിൽ കയറ്റി പാർപ്പിച്ചു.ഇതിനെയെല്ലാത്തിനെയും അതിജീവിച്ച് കേരളം വീണ്ടും വന്നു. ഒരു വർഷത്തിന് ശേഷം വീണ്ടും കേരളം ഒരുങ്ങി. 2019-ലെ പ്രളയത്തെ അതിജീവിക്കാൻ കേരളം വിചാരിച്ച പോലെ വെള്ളം കൊണ്ട് വലിയ പ്രശ്നമൊന്നും ഉണ്ടായില്ല .മലയോര പ്രദേശങ്ങളിലാണ് അധികം ദുരന്തമുണ്ടായത്. കവളപ്പാറ ,പുത്ത്മല എന്നിവിടങ്ങളിൽ ഉരുൾ പ്പൊട്ടി കുറേ പേർ മണ്ണിൻ്റെ അടിയിൽപ്പെട്ട് ശ്വാസം കിട്ടാതെ മരണപ്പെട്ടു.കേരളംഒന്നാകെ ഭയന്നു .കേരളം കണ്ട ഏറ്റവും വലിയ ഉരുൾപ്പൊട്ടൽ ആയിരുന്നു അത്.2019-ലും കുറേ പേർ ദുരിതാശ്വാസക്യാമ്പുകളിൽ അഭയം തേടി എല്ലാവരും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് പണവും ഭക്ഷ്യവസ്തുക്കളുംനൽകി മനുഷ്യനാണ് ഈ പ്രളയം സൃഷ്ടിച്ചത്. മനുഷ്യരാണ് മലയിലെ മരങ്ങളും പാറകളും പൊട്ടിച്ച് മണ്ണിൻ്റെ ബലത്തെ നശിപ്പിച്ച് വെള്ളത്തിന് പോകാൻ വഴിയില്ലാതെയാക്കി കേരളത്തെ നശിപ്പിച്ചു.
ഈ പ്രളയവും ഉരുൾപൊട്ടലും കേരളത്തിന് വലിയൊരു പാഠമാണ് നൽകിയത് . മതവും ജാതിയും നോക്കാതെ ജീവിക്കുകയും പ്രകൃതിയെ സ്നേഹിച്ചും സേവിച്ചും ജീവിക്കുക എന്ന പാഠം പ്രകൃതി നമ്മുക്ക് നൽകി.

# കടലമ്മ കള്ളിയായത്

**ആഷ്ന. സി എ**

IX A

കടൽ

അമ്മയാണെന്ന്

പറഞ്ഞുകൊടുത്ത

അവന്റെയമ്മയെ

കടൽ കൊണ്ടുപോയി

പിന്നെയവന്

കടൽ

കള്ളിയായി.



# തർജ്ജമ

പ്രിയ സി.വി

അമ്മ മകളോട് പറഞ്ഞു
നീയെത്ര വളർന്നാലുമെൻ വാത്സല്യം
നിറകുടമായുള്ളിൽ തുളുമ്പി നിൽക്കും
ഏട്ടൻ അനിയത്തിയോട് പറഞ്ഞു
അച്ഛൻെറ തല്ലെത്ര വാങ്ങിച്ചു തന്നാലുമെൻസ്നേഹം
നിന്നെ പനിപ്പിച്ച ചാറ്റൽ മഴ പോലെ

അവൾ അവളോട്ടു പറഞ്ഞു
നീ എത്രതിരക്കിലായാലുമെൻ ഇഷ്ടം
തീരില്ല ഉത്സാഹമെന്തെന്നറിവില്ല കാലം വരെ
അവൻ അവളോട്ടു പറഞ്ഞു
പ്രാണനിൽ ഊർദ്ധ്വൻ
താളമിടുമ്പോഴുമെൻ പ്രണയം
തിരയായ് ആർത്തുലച്ചുദരത്തിൽ
അഗ്നിനാളം തീർക്കും

മകൾ അച്ഛനോട് പറഞ്ഞു
ഈ വരികളെല്ലാമൊന്ന്
ഇംഗ്ലീഷിലേക്കാക്കണം
വാത്സല്യം, സ്നേഹം, ഇഷ്ടം, പ്രണയം.
തെല്ലിട ചിന്തിച്ച
ഒടുവിലായെഴുതിയതിങ്ങനെ
അമ്മ,സഹോദരൻ,സുഹൃത്ത്,കാമുകൻ
എല്ലാരും പറയുന്നതൊന്ന് തന്നെ ഐ ലവ് യു.
പുസ്തകത്താളിന്നറ്റത്തായ്
മഷിപരന്നെത്തുമ്പോൾ
അഭിമാനനിറവിലാച്ചുണ്ടിലൊരു ചിരിനാളം
മലയാളിയുടേതായി തെളിഞ്ഞുവന്നു.

# മഴയത്ത് പോയപ്പോൾ

ദുർഗ്ഗ ഗംഗ
IX A



മഴയെ
നിനക്കെന്നും
ഒരു പാടിഷ്ട മായിരുന്നു.
മഴ കാണാൻ
മഴയിൽ നനയാൻ
മഴയായിത്തീരാൻ
നീയാഗ്രഹിച്ചിരുന്നു.
ഒരു മഴയത്ത്
എന്നെ തനിച്ചാക്കി
പോയ നീ പിന്നെ
തിരിച്ചും വന്നില്ല.

# തിരിച്ചറിവ്

ആദിത്ത് വി .എസ് .

കണ്ണുണ്ടായാൽപോര നമ്മൾ
നല്ലത് തന്നെ കാണേണം
കാതുണ്ടായാൽപോര നമ്മൾ
നല്ലത് തന്നെ കേൾക്കേണം
കൈയുണ്ടായാൽ പോര നമ്മൾ
നല്ലത് തന്നെ ചെയ്യേണം
നാവുണ്ടായാൽ പോര നമ്മൾ
നല്ലത് തന്നെ ചൊല്ലേണം
കാലുണ്ടായാൽ പോര നമ്മൾ
നല്ല വഴിക്ക് നടക്കേണം
നല്ലതു കാണാം
നല്ലത് കേൾക്കാം
നല്ലത് ചെയ്യാം
നല്ലത് ചൊല്ലാം
ഇനി നല്ല വഴിക്ക് നടന്നീടാം
നല്ലവരായിതീർന്നീടാം

# ജി.എച്ച്.എസ്.എസ് കല്ലിക്കൽപ്പാടം

അൻസരത്
X B

## ഞങ്ങളുടെ വിദ്യാലയം

അനുഭവങ്ങൾ തീർത്ത മനോഹരമായ കൊട്ടാരമാണിത്.ഒരുപാട് ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത വലിയ ആഴക്കടൽ. ഇവിടെ ചിന്നിചിതറി കിടക്കുന്ന ഓരോ മണൽ തരിക്കും ഒത്തിരി കഥകൾ പറയാനുണ്ട്. ഒന്നു പതിയെ കാതോർത്താൽ നമുക്ക് കേൾക്കാൻ കഴിയും. നാളെ നാം ആകുന്ന സൗഹൃദത്തിന്റെ നിറ കഥകൾ. അതിൽ സന്തോഷവും ദു:ഖവും പ്രണയവുമുണ്ട്. അതിലുപരി വിദ്യ എന്ന ആദ്യത്തെ സമ്പത്ത് പകർന്നു നൽകിയ ദൈവത്തിന് തുല്യമായ നമ്മുടെ ഗുരുക്കന്മാരുടെ സ്നേഹത്തിന്റെയും കരുതലിന്റെയും ഒരുപാട് കഥകൾ............

ഈ കലാലയ ഓർമ്മകൾ വിടരാനിരിക്കുന്ന പനിനീർപ്പൂ പോലെയാണ്..............

ഒരു നേർത്ത മഞ്ഞുതുള്ളിപോലെയും,കാറ്റിൽ എവിടെയോ നിന്ന് പാറി വന്ന അപ്പൂപ്പൻ താടി പോലെയുമാണ്. ഞങ്ങൾക്ക് അവകാശപ്പെട്ടതുള്ളൂ...........

പൂത്തു തളിർക്കുന്ന പൂക്കൾക്കുവേണ്ടി ഇലകൾ കൊഴിക്കുന്ന മരങ്ങൾക്ക് വേണ്ടി ദൈവം നിശ്ചയിച്ച് ഉറപ്പിച്ച കാലങ്ങളിൽ കൂടി ഈ സൗഹൃദം കടന്നുപോകുന്നു. ഈ ഓർമ്മകളിൽ ഒരുപാട് നൊമ്പരങ്ങളെ കാണാൻ സാധിക്കും. ഒരു ചെറു പുഞ്ചിരിയോടെ നേർത്ത വേദനയോടെ നമുക്ക് ഇവിടെ നിന്ന് മായേണ്ടിവരും.

ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിൽ ചെന്ന് ഈ പുസ്തകത്താളുകൾ പിന്നോട്ട് മറിച്ച് നോക്കുമ്പോൾ നമ്മുടെ നിറഞ്ഞ സൗഹൃദത്തെയും അതിലുപരി ഗുരുക്കന്മാരുടെ സ്നേഹത്തെയും ഓർമ്മ വന്ന് ഒരു പക്ഷേ നമ്മുടെ കണ്ണുകളിൽ ഈറനണിഞ്ഞേക്കാം. ആ നിമിഷം ഓർക്കുക നാം കരയുകയല്ല. ആ ഓരോ കണ്ണുനീരും കഴിഞ്ഞുപോയ ഓർമ്മകളാണ്.സൗഹൃദത്തിന്റെ സന്തോഷവും ദു:ഖവും നിറഞ്ഞ ആഴക്കടൽ അത്രയ്ക്കും മനോഹരമാണ്. അക്ഷര കൂട്ടുകൾ നൽകി അനുഗ്രഹിച്ച സ്നേഹത്തിന്റെ സാഹോദര്യത്തിന്റെയും മാറ്റൊലിതീർത്ത കലാലയം. എന്നും ഓരോ വിദ്യാർത്ഥികളെയും ഈ കലാലയത്തേയും  ഓർത്തുകൊണ്ട് എല്ലാവരും അഭിമാനിക്കട്ടെ എന്ന് പറഞ്ഞ് സർവ്വ നാഥനോട് പ്രാർത്ഥിക്കുന്നു.

# കേരള പിറവി ആഘോഷം


ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
കല്ലിങ്കൽപ്പാടം
കേരളപ്പിറവി 2019


ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
കല്ലിങ്കൽപ്പാടം
ശ്രദ്ധ 2019







# ഇലക്ഷനിടയിൽ













GHSS KALLINGALPADAM
SCHOOL PARLIMENTARY
ELECTION
2019-20



# എസ്.പി.സിയിൽ നിന്ന്








എസ്.പി.സി.അംഗങ്ങൾ



# പിൻമൊഴി

വായിച്ചവർക്കും

**വായിക്കാനിരിക്കുന്നവർക്കും**